**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **12-02-2025 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലാ തൊഴിലാളികളുടെ ദിവസ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസ വേതനം ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമ പ്രകാരം വിവിധ തൊഴിൽ മേഖലകൾക്കാണ് മിനിമം വേതനം നിശ്ചയിക്കുന്നത്. ഇപ്രകാരം 87 തൊഴിൽ മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ച് വരുന്നതുമാണ്. എന്നാൽ, അസംഘടിത മേഖലയ്ക്കായി പ്രത്യേകം മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. |
| (ബി) | കേരളത്തിൽ ജോലി ചെയ്യുന്ന ഗ്രാമീണ മേഖലയിലെ പുരുഷ കർഷക തൊഴിലാളികളുടെയും ഗ്രാമീണ നിർമ്മാണ മേഖലയിലെ പുരുഷന്മാരുടെയും ശരാശരി ദിവസ വേതനം എത്രയെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് കാർഷിക മേഖലയിലും, നിർമ്മാണ മേഖലയിലും മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത് സ്ത്രീ-പുരുഷ വേർതിരിവില്ലാതെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയാണ്. കാർഷിക പ്രവൃത്തികളിലും അതിനോടനുബന്ധിച്ച മേഖലകളിലും കുറഞ്ഞവേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 09.05.2017-ലെ സ.ഉ.(അച്ചടി)നം. 39/2017/ തൊഴിൽ വിജ്ഞാപന പ്രകാരം, കാഠിന്യമേറിയ കാർഷിക ജോലികൾ ചെയ്യുന്ന തൊഴിലാളിയുടെ നിലവിലെ ദിവസവേതനം (ക്ഷാമബത്ത ഉൾപ്പെടെ) 679/- രൂപയും, കാഠിന്യം കുറഞ്ഞ ജോലികൾ ചെയ്യുന്ന തൊഴിലാളിയുടെ ദിവസവേതനം (ക്ഷാമബത്ത ഉൾപ്പെടെ) 599/- രൂപയുമാണ്.<br><br>നിർമ്മാണ മേഖലയിൽ നിലവിലുള്ള 29.07.2019-ലെ സ. ഉ. (അച്ചടി)നം. 71/2019/തൊഴിൽ നം. വിജ്ഞാപന പ്രകാരം അവിദഗ്ധ വിഭാഗം തൊഴിലാളിയ്ക്ക് ദിവസവേതനമായി (ക്ഷാമബത്ത ഉൾപ്പെടെ) 869/- രൂപയും, അർദ്ധവിദഗ്ധ വിഭാഗം തൊഴിലാളിയ്ക്ക് ദിവസവേതനമായി (ക്ഷാമബത്ത ഉൾപ്പെടെ) 959/- രൂപയും, വിദഗ്ധ വിഭാഗം തൊഴിലാളിയ്ക്ക് ദിവസവേതനമായി (ക്ഷാമബത്ത ഉൾപ്പെടെ) 1029/- രൂപയും, അതിവിദഗ്ധ വിഭാഗം |

| | | | |
|---|---|---|---|
| | | | തൊഴിലാളിയ്ക്ക് ദിവസവേതനമായി (ക്ഷാമബത്ത ഉൾപ്പെടെ) 1079/- രൂപയും ലഭിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ